# ചിക്കാഗോ സാഹിത്യവേദി മാർച്ച് 2 ന്

**2018 ലെ ആദ്യത്തെ ചിക്കാഗോ സാഹിത്യവേദി സമ്മേളനം മാർച്ച് 2 , വെള്ളിയാഴ്ച 6:30ന് Prospect Heights ലുള്ള Country Inn and Suites ൽ (600 N. Milwaukee Ave, Prospect Heights, IL 60070) കൂടുന്നതാണ്.**

**സാഹിത്യ വേദിയുടെ ഈ 208-)മത്തെ സമ്മേളനത്തിൽ ലിൻസ് ജോസഫ് താന്നിച്ചുവട്ടിൽ, മലയാളത്തിലെ പ്രമുഖ നിരൂപകനായിരുന്ന കുട്ടിക്കൃഷ്ണമാരാരുടെ *ഭാരതപര്യടന* ത്തെ ആസ്പദമാക്കി പ്രബന്ധം അവതരിപ്പിയ്ക്കുന്നതാണ്.**

**ഒരേ സമയം കാവ്യവും ഇതിഹാസവും നാടോടി കഥയും വംശപുരാണ വും വേദവും എല്ലാം ആയ മഹാഭാരതം വിശ്വസാഹിത്യത്തിലെ ബൃഹത്തായ ഇതിഹാസമാണ്. മഹാഭാരതത്തെ പുരസ്കരിച്ച് ഇറങ്ങിയ നിരവധി കൃതികളിൽ സവിശേഷ ശ്രദ്ധ ആകർഷിച്ച മഹിഷ്ഠകൃതിയാണ് ഏഴ് പതിറ്റാണ്ടിനു മുൻപിറങ്ങിയ *ഭാരതപര്യടനം*. അനുമാനത്തിന്റെയും യുക്തിവിചാരങ്ങളുടെയും മനഃശാസ്ത്രത്തിന്റെയുമൊക്കെ ശാസ്ത്രീയവും സുഭദ്രവുമായ അടിത്തറയിന്മേലാണ് *ഭാരതപര്യടന* ത്തെ മാരാർ ചമച്ചിരിയ്ക്കുന്നത്. കഥാപാത്രങ്ങളുടെ സൂക്ഷ്മസ്വഭാവങ്ങളുടെ മേൽ മാരാർ നടത്തിയ ആത്മനിഷ്ഠവും വസ്തുനിഷ്ഠവുമായ അപഗ്രഥനങ്ങൾ ഈ കൃതിയിൽ നിറഞ്ഞു നിൽപ്പുണ്ട്.**

**ഡോ. അനിരുദ്ധന്റെ അദ്ധ്യക്ഷതയിൽ കൂടിയ നവംബർ മാസ സാഹിത്യ വേദിയിൽ ശാസ്ത്രസാഹിത്യത്തിന്റെ ഭാഗമായ ചില വിഷയങ്ങളെ കുറിച്ച് ഡോ.രവിവർമ്മ രാജ ചർച്ച നയിച്ചു. ശാസ്ത്രീയ ഗവേഷണങ്ങളിൽ ഈ അടുത്ത കാലത്തുണ്ടായ ചില നേട്ടങ്ങൾ സാധാരണക്കാരുടെ ഭാഷയിൽ ചുരുക്കത്തിൽ വിവരിക്കുകയാണ് രവിവർമ്മ രാജ ചെയ്തത്.**

**പ്രസിദ്ധ സാഹിത്യകാരനായ ഡോ. പുനത്തിൽ കുഞ്ഞബ്ദുള്ളയുടേയും, സിനിമാ സംവിധായകനായ ശ്രീ. ഐ.വി.ശശിയുടേയും നിര്യാണത്തിൽ സാഹിത്യവേദി അനുശോചനമർപ്പിച്ചു.**

***ഭാരതപര്യടനം* ആസ്വാദന സായാഹ്നത്തിൽ പങ്കെടുക്കാൻ ചിക്കാഗോയിലെ എല്ലാ സാഹിത്യപ്രേമികളേയും ഈ മാർച്ച് മാസ വേദിയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.**

**കൂടുതൽ വിവരങ്ങൾക്ക്:**
**ശ്രീ ലിൻസ് ജോസഫ്: 630 540 6758**
**ഡോ. അനിരുദ്ധൻ: 630 853 2700 ശ്രീ ജോൺ ഇലക്കാട്: 773 282 4955**

**മാർച്ച് 2, 2018 - 6:30 p.m.**
**Country Inn and Suites, 600 N. Milwaukee Ave, Prospect Heights, IL 60070**
**855 213 0582**